# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## ക്രൂശിതനിലേക്ക് നോക്കാം



ഉപവാസപ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടിയ ഒന്നരലക്ഷത്തോളം ഭക്തരെ സാക്ഷി നിർത്തി ലോകത്തുടനീളം സമാധാനത്തിനായി പ്രാർത്ഥിക്കുന്ന കോടാനുകോടിജനത യോടായി ഫ്രാൻസീസ് പാപ്പാ പറഞ്ഞു: "കുരിശിലേക്ക് നോക്കാനാണ് ക്രിസ്തീയ വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നത്. അക്രമത്തിനുള്ള ദൈവിക മറുപടിയാണ് കുരിശും ക്രൂശിതനും. അതിനാൽ അക്രമത്തിനു മറുപടി പറയേണ്ടത് അക്രമം കൊണ്ടല്ല; മനുഷ്യ ക്രൂരതിക്ക് മറുപടി പറയേണ്ടത് മരണത്തിന്റെ ഭാഷയിലല്ല; മറിച്ച് കുരിശിന്റെ നിശ്ശബ്ദ തയിലാണ്. കുരിശിന്റെ നിശ്ശബ്ദതയിൽ ആയുധങ്ങളുടെ അലർച്ച അവസാനിക്കുന്നു. തത്സ്ഥാനത്ത് അനുരഞ്ജനത്തിന്റെയും സംഭാഷണത്തിന്റെയും സമാധാനത്തിന്റെയും ഭാഷ ആരംഭിക്കുന്നു."

ഒബാമയും കൂട്ടരും യുദ്ധത്തിനായി കോപ്പുകൂട്ടിക്കൊണ്ടിരിക്കുമ്പോഴാണ് അരുതെന്ന ആഹ്വാനവുമായി പാപ്പാ മുന്നോട്ടിറങ്ങിയതെന്ന് ഓർക്കണം. ക്രിസ്ത്യ ൻരാജ്യമായ അമേരിക്കയും ക്രൈസ്തവയൂറോപ്പിലെ അവരുടെ സഖ്യകക്ഷികളുമാണ് സിറിയക്കെതിരെ യുദ്ധകാഹളം മുഴക്കുന്നതെന്നും നാം മറക്കരുത്. അക്രമത്തിന്റെ പോർവിളികളുമായി നിൽക്കുന്ന ക്രൈസ്തവരാജ്യങ്ങളോടുതന്നെയാണ് ക്രൂശിത നിലേക്ക് നോക്കാൻ പാപ്പാ ആഹ്വാനം ചെയ്യുന്നത്. ഇതിനു മറ്റൊരു വശം കൂടിയുണ്ട്. ഒരു മുസ്ലീംരാജ്യത്ത് സമാധാനം പുലരാനായിട്ടാണ് പാപ്പായുടെ നേതൃത്വത്തിൽ ഉപവാസപ്രാർത്ഥന നടന്നത്. ഇതിൽപ്പരം സഹോദരാത്മമായ പ്രവൃത്തി മറ്റെന്താ ണുള്ളത്? ഒരു കാലത്ത് കുരിശുയുദ്ധത്തിലൂടെ കൊമ്പുകോർത്തവരായിരുന്നു മുസ്ലീം ങ്ങളും ക്രിസ്ത്യാനികളുമെന്ന കാര്യം നാം മറക്കരുത്. അന്ന് പോർവിളിക്ക് മുൻകൈ യെടുത്തതും പടയാളികളെ പടക്കളത്തിലേക്ക് ആശീർവദിച്ചയച്ചതും മാർപാപ്പമാ രായിരുന്നതാനും. അത്തരമൊരു ചരിത്രപശ്ചാത്തലത്തിലാണ് ഫ്രാൻസീസ് പാപ്പാ യുടെ പ്രഖ്യാപനം.

നമുക്കിനി യുദ്ധം വേണ്ട; ഇനി ഒരിക്കലും നമുക്കൊരു യുദ്ധം വേണ്ട. ഈയിടെ ഇംഗ്ലണ്ടിലെ ഒരു വികാരിയച്ചൻ എഴുതി: നമ്മുടെ പള്ളിക്കും പാരിഷ്ഹാളിനും ഇടയിൽ ഒരു ഇടുങ്ങിയ പാതയുണ്ട്. പലപ്പോഴും അവിടെ സഹായം ചോദിക്കാനിരിക്കുന്ന ധർമ്മക്കാരെ കാണാറുണ്ട്. ഒരു ദിവസം അവരിലൊരാൾ പള്ളിക്കകത്തു കയറി, ആരാധനയുടെ സമയം. എല്ലാവരും നിശ്ശബ്ദരായിരുന്നു. അയാൾ ഉറക്കെ പ്രാർത്ഥിച്ചു : എന്റെ പൊന്നു തമ്പുരാനേ, എനിക്ക് വല്ലതും തരാൻ ഇവിടെയുള്ള നല്ല മനുഷ്യരെ തോന്നിപ്പിക്കണേ. എന്തായിരിക്കും അയാളുടെ പ്രാർത്ഥനയുടെ പരിണിതഫലം? വികാരിയച്ചൻ തന്റെ

ബ്ലോഗിലാണ് ഈ സംഭവം വിവരിച്ചിരിക്കുന്നത്. പാവപ്പെട്ടവർ വൃത്തികെട്ടവരും ദുർഗന്ധം വമിക്കുന്നവരും അരോചകത്വമുളവാക്കുന്നവരുമാണെ ന്നാണ് അച്ചന്റെ കമന്റ്. ബ്ലോഗിൽ കൊടുത്തിരിക്കുന്ന തലക്കെട്ട്: പാവപ്പെട്ടവന്റെ ശല്യം എന്നാണ്. ദരിദ്രർ എന്നും ശല്യക്കാരായിരുന്നു, ധനികരുടെ കാഴ്ചപ്പാടിൽ. ഈശോ പറയുന്ന കഥയിലും ലാസർ ധനവാനൊരു ശല്യമായിരുന്നു. അവന്റെ വാതിൽക്കൽ തന്നെ വ്രണബാധിതനും നായ നക്കുന്നവനുമായവൻ കിടക്കുക! ഇതിൽപരം ശല്യം മറ്റെന്താണുള്ളത് ?

അനുദിനപ്രശ്നങ്ങളുടെ നടുവിൽ കുരിശിലേക്ക് നോക്കാനാണ് പാപ്പായുടെ ആഹ്വാനം. അത് നല്ലൊരു മാർഗ്ഗരേഖയാണ്. നമ്മുടെയിടയിലും നമുക്ക് ചുറ്റും സംഭവിക്കുന്നവയെ അഭിമുഖീകരിക്കുമ്പോൾ നാം സ്വീകരിക്കേണ്ട മാനദണ്ഡം കുരിശിലേക്ക് നോക്കുക; ക്രൂശിതനെ കാണുക; സുവിശേഷത്തിലെ ഈശോ എന്താണ് പറയുന്നതെന്ന് കേൾക്കുക. അപ്പോഴാണ് സഭ ക്രൈസ്തവമാകുന്നത്. അതായത് യേശുവിന്റെ കണ്ണുകളിലൂടെ കാണാനും അവന്റെ ഹൃദയഭാവത്തോടെ പ്രതികരിക്കാനും സാധിക്കുമ്പോൾ. പട്ടണത്തിലെ ഒരു സന്യാസാശ്രമം. നേരം പരപരാ വെളുക്കു ന്നാഃ യുള്ളൂ. ആശ്രമാധിപൻ ഉറക്കമുണർന്ന് പുറത്തിറങ്ങിയപ്പോൾ, പുറത്തെ സോഫായിൽ ഒരാൾ നീണ്ടു നിവർന്നു കിടക്കുന്നു. കൊതുകുകടിയിൽ നിന്ന് രക്ഷപ്പെടാൻ പഴയ പത്രംകൊണ്ട് പുതച്ചുമൂടിയിരിക്കുന്നു. തലചായ്ക്കുവാൻ ഇടമില്ലാ ത്തവനും, ഒരു നേരത്തെ ഭക്ഷണത്തിനായി വിശക്കുന്നവനും കേരളത്തിലു മുണ്ടെന്ന താണ് സത്യം.

ഇന്ത്യയിലെ കാര്യമെടുത്താലോ? കേരളത്തിലേതിന്റെ എത്ര മടങ്ങായിരിക്കും? കാണാ നുള്ള കണ്ണും പ്രതികരിക്കാനുള്ള ഹൃദയവും ഉണ്ടോ എന്നതാണ് ചോദ്യം. ഈയിടെ നടന്ന ഒരു ചർച്ച അട്ടപ്പാടിയിലെ ശിശുമരണത്തെക്കുറിച്ചായിരുന്നു. സർക്കാരിന്റെ നിഷ്ക്രിയത്വവും അനാസ്ഥയും രൂക്ഷവിമർശനത്തിനു വിധേയമായി. അതിന്നിടയിൽ ഒരാൾ ചോദിച്ചു: "സർക്കാരിനെ വിമർശിക്കുകയല്ലാതെ, കത്തോലിക്കാ സഭയ്ക്ക് ഈ കാര്യത്തിൽ ഒന്നും ചെയ്യാനില്ലേ?" കഴിഞ്ഞയാഴ്ച ഫ്രാൻസിസ് പാപ്പാ അഭയാർത്ഥി കൾക്കുവേണ്ടിയുള്ള ഒരു ആതുരാലയം സന്ദർശിച്ചു- ചെന്ത്രോ അസ്തല്ലി അവിടുത്തെ അംഗങ്ങളെയും നടത്തിപ്പുകാരെയും സാക്ഷി നിറുത്തി അദ്ദേഹം പറഞ്ഞു: "ആളില്ലാത്ത ആശ്രമങ്ങളൊന്നും സഭയുടേതല്ല; ആളില്ലാത്ത ആശ്രമങ്ങളൊന്നും നമ്മുടേതല്ല. അത് വിറ്റ് ഹോട്ടലും ടൂറിസ്റ്റ്ഹോമുമാക്കി കാശുണ്ടാക്കാൻ നമുക്ക് അവകാശമില്ല. ആളി ല്ലാത്ത ആശ്രമങ്ങളൊക്കെ കർത്താവിന്റെ ശരീരത്തിന്റേതാണ്. അതായത് അഭയാർത്ഥി കൾക്കും അഗതികൾക്കും അവകാശപ്പെട്ടത്."

കേരളത്തിലായിരുന്നെങ്കിൽ പാപ്പാ എങ്ങനെ പറയുമായിരുന്നു? "ആളില്ലാത്ത ആശ്രമമുറികളൊന്നും നമ്മുടേതല്ല; ആളില്ലാത്ത ആശ്രമമുറികളെല്ലാം അഗതികൾക്കും ഭവനരഹിതർക്കും അവകാശപ്പെട്ടതാണ്." എത്രമാത്രം മുറികളാണ് ആൾപ്പാർപ്പില്ലാതെ നമ്മുടെ ആശ്രമങ്ങളിലും സ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുന്നത്? എത്രമാത്രം മുറികളാണ് വർഷത്തിലെ വളരെ ചുരുങ്ങിയ ദിവസത്തെ ഉപയോഗത്തിനായി നാം മോടിപിടിപ്പിച്ച് സൂക്ഷിച്ചിരിക്കുന്നത്? അത്തരം ആൾപാർപ്പില്ലാത്ത മുറികളുടെ എണ്ണമെടുത്താൽ ആശ്രമങ്ങൾകൊണ്ട് അത് തീരുമെന്നു തോന്നുന്നില്ല. സഭാശ്രേണി യുടെ എല്ലാ തലങ്ങളിലും ആളില്ലാത്ത ഒഴിഞ്ഞ മുറികൾ ധാരാളം കണ്ടെത്താനാവും. അതിനാൽ മറക്കുന്ന - ആളില്ലാത്ത-മുറികളൊന്നും നമ്മുടേതല്ല; വഴിയോരത്തെ ഭവനരഹിതർക്ക് അവകാശപ്പെട്ടതാണ്. പാപ്പായുടെ ഈ നിർദ്ദേശത്തിന്റെ തുടക്കം സുവിശേഷത്തിൽനിന്നുതന്നെയാണ്. സഭാപിതാക്കന്മാരും ഇതുതന്നെ ആവർത്തിക്കു ന്നുണ്ട്.

കേസറിയായിലെ വി.ബേസിൽ (330-370) നിർദ്ദേശിക്കുന്നു: "നിന്റെ അടുക്കളയിൽ നാളത്തേക്കായി നീ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണം നിന്റേതല്ല; മറിച്ച് അത് വിശക്കുന്നവന് അവകാശപ്പെട്ടതാണ്. നിന്റെ അലമാരയിൽ നീ തേച്ച് സൂക്ഷിച്ചിരിക്കുന്ന നിന്റെ ഉടുപ്പ് നിന്റേതല്ല; മറിച്ച് ഉടുപ്പില്ലാതെ നടക്കുന്ന നിന്റെ സഹോദരന്റേതാണ്. ബാങ്കിലെ നിന്റെ സ്ഥിരനിക്ഷേപം യഥാർത്ഥത്തിൽ നിന്റേതല്ല; നിന്റെ ചുറ്റുമുള്ള ദരിദ്രരുടെ പണമാണത്." അങ്ങനെയെങ്കിൽ കേരളത്തിലെ സന്യാസികളുടെ ഭൂസ്വത്തും ബാങ്കു ബാലൻസും സ്ഥാപനസമ്പത്തും ആർക്കൊക്കെ അവകാശപ്പെട്ടതാണ്? യഥാർ ത്ഥഅവകാശിക്ക് അവന്റെ സമ്പത്ത് കൊടുക്കാതെ പിടിച്ചുവച്ചിരിക്കുന്നവരെ എന്തു വിളിക്കണമെന്ന് വിശുദ്ധബേസിൽ പറയുന്നുണ്ട്.

"ഒരാളുടെ വസ്ത്രം കട്ടെടുക്കുന്നവനെ നമ്മൾ മോഷ്ടാവെന്നു വിളിക്കുന്നു. എങ്കിൽ ഒരാൾക്ക് ഉടുപ്പ്

കൊടുക്കാൻ കഴിവുണ്ടായിട്ടും അത് ചെയ്യാതിരിക്കുന്നവനെ മറ്റെന്താണ് വിളിക്കേണ്ടത്. മോഷ്ടാവെന്നും കള്ളനെന്നും പിടിച്ചുപറിക്കാരനെന്നുമുള്ള പേരൊന്നും സന്യാസിക്കും സഭാനേതാവിനും ഒരിക്കലും ഭൂഷണമാകില്ലെന്ന് ഓർ ക്കണം." എങ്കിൽ നമുക്ക് ചെറിയൊരു തീരുമാനമെങ്കിലും എടുത്തുകൂടേ? വൈകുന്നേരം അന്തിയുറങ്ങാൻ ഇടമില്ലാത്തവർക്ക് നമ്മുടെ സന്യാസാശ്രമങ്ങളിൽ മുറിയും, പായും തലയിണയും കൊടുക്കുമെന്ന് ; അതോടൊപ്പം അത്താഴവും. ഈ ഒരൊറ്റ തീരുമാനത്തിലൂടെ കേരളത്തിലെ ഏറ്റവും നിർധനരായവരുടെ വലിയൊരു ജീവിതപ്രശ്നം നമുക്ക് പരിഹരിക്കാനാവില്ലേ? നിർദ്ദേശം കേട്ട ഒരാൾ ഉപദേശിച്ചു. എടുത്തുചാടാതെ കരുതലോടെ നീങ്ങണമെന്ന്. കാരണം അന്തിയുറങ്ങാൻ വരുന്ന വരിൽ മദ്യപാനികളും വ്യഭിചാരികളും മരുന്നടിക്കാരും കാണില്ലേ? അത് അപകടം വിളിച്ചുവരുത്തില്ലേ?.

സുവിശേഷത്തിൽ യേശുവിനെ വിശേഷിപ്പിച്ചിരുന്നത് ഇത്തരക്കാരുടെ കൂട്ടുകാരൻ എന്നല്ലേ? അങ്ങനെയെങ്കിൽ ക്രിസ്തുവിനെ അനുഗമിക്കുന്നവരും പാപികളുടെയും, വേശ്യകളുടെയും കൂട്ടുകാരായിരിക്കുന്നതിൽ എന്താണ് തെറ്റ്? നമ്മുടെ ജീവിതത്തി ന്റെയും ആത്മീയതയുടെയും പൊള്ളത്തരം ഒന്നുകൂടെ പുറത്തുകൊണ്ടുവരുന്നതാണ് ഡിഡാക്കെയുടെ ഉപദേശം."നിത്യം നിലനിൽക്കുന്ന സനാതനസമ്പത്ത് നിങ്ങൾ മറ്റുള്ള വരുമായി പങ്കുവയ്ക്കുന്നു. എന്നിട്ട് നിത്യം നിലനിൽക്കാത്ത ഭൗതികസമ്പത്ത് അവരു മായി പങ്കുവയ്ക്കാൻ മടിക്കുന്നു!"